

# അക്കാദമിക മാസ്റ്റർ പ്ലാൻ

## എൽ. പി. തലം 2025 - 26

## ഗവ. എൽ. പി. സ്കൂൾ
## കുമരങ്കരി

# താളുകൾ മറിയുമ്പോൾ .....


| Sl. No. | താളുകളിൽ | പേജ് നമ്പർ |
|---|---|---|
| 1 | സ്കൂൾ ഫാക്കൽറ്റി | 2 |
| 2 | ആമുഖം | 3 |
| 3 | പൊതുലക്ഷ്യങ്ങൾ അക്കാദമികം | 6 |
| 4 | ലക്ഷ്യങ്ങൾ വിഷയതലം | 8 |
| 5 | മലയാളം | 13 |
| 6 | ഇംഗ്ലീഷ് | 17 |
| 7 | ഗണിതം | 20 |
| 8 | പരിസര പഠനം | 22 |
| 9 | സാമൂഹികാവബോധം | 24 |
| 10 | വിവരസാങ്കേതികവിദ്യ | 25 |
| 11 | പ്രവൃത്തിപരിചയം | 26 |

# സ്കൂൾ ഫാക്കൽറ്റി

**റൂബി തോമസ്**
പ്രധാന അധ്യാപിക

**ലിനുമോൾ ആന്റണി**
ക്ലാസ് - I

**റൂബി തോമസ്**
ക്ലാസ് - II

**ലിനിറ്റുമോൾ പ്ലാസിഡ്**
ക്ലാസ് - III

**സ്വപ്ന മോഹൻ എൽ**
ക്ലാസ് - IV

**പ്രകാശിനി എ പി**
പ്രീ - പ്രൈമറി

# ആമുഖം

## പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാണ്

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസപദ്ധതി വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഗുണമേന്മ വർദ്ധിപ്പിക്കുന്ന തരത്തിൽ അക്കാദമിക് ഇടപെടലുകൾ ആസൂത്രണം ചെയ്ത് 'അക്കാദമിക് മാസ്റ്റർപ്ലാൻ' തയ്യാറാക്കുകയാണ് എല്ലാ വിദ്യാലയങ്ങളും. എല്ലാ പൊതുവിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങൾ ആക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഒരുക്കുന്ന ഈ മാസ്റ്റർപ്ലാൻ ലക്ഷ്യം കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇതുവഴി വിദ്യാലയത്തിലെ കുരുന്നുകൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാക്കുന്നു. എല്ലാ പ്രവർത്തനങ്ങളിലും മികവ് പുലർത്തുന്ന വിദ്യാലയങ്ങളിൽ ഒന്നാണ് വെളിയനാട് ഉപജില്ലയിൽപ്പെട്ട ഗവ. എൽ. പി. സ്കൂൾ കുമരങ്കരി. പൊതുസമൂഹത്തിന്റെ_പിന്തുണകൊണ്ട് വരുംവർഷങ്ങളിലും മികവ് തുടരാനുള്ള പരിശ്രമത്തിലാണ് അധ്യാപകരും വിദ്യാർത്ഥികളും. അതിന് കരുത്തുപകരുന്ന ഈ അക്കാദമിക മാസ്റ്റർപ്ലാൻ അഭിമാനപൂർവ്വം സമർപ്പിക്കുന്നു.

| | |
|---|---|
| എസ്. എം. സി. ചെയർമാൻ | ഹെഡ്മിസ്ട്രസ് |
| മനീഷ് ഇ. എം. | റൂബി തോമസ് |

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ഗവ. എൽ. പി. സ്കൂൾ കുമരങ്കരി |
| മേൽവിലാസം | : കുമരങ്കരി പി. ഒ, വെളിയനാട് ആലപ്പുഴ |
| ഫോൺ | : 9446821654 |
| സ്കൂൾ കോഡ് | : 46403 |
| ഉപജില്ല | : വെളിയനാട് |
| വിദ്യാഭ്യാസ ജില്ല | : കുട്ടനാട് |
| റവന്യൂ ജില്ല | : ആലപ്പുഴ |
| ബി. ആർ. സി. | : വെളിയനാട് |
| സി. ആർ. സി. | : ഗവ. എൽ. പി. സ്കൂൾ, വെളിയനാട് |
| ഗ്രാമപഞ്ചായത്ത്/വാർഡ് | : വെളിയനാട്/വാർഡ് 3 |
| ബ്ലോക്ക് പഞ്ചായത്ത് | : വെളിയനാട് |
| ജില്ലാ പഞ്ചായത്ത് | : ആലപ്പുഴ |
| നിയമസഭാ മണ്ഡലം | : കുട്ടനാട് |
| ലോകസഭാ മണ്ഡലം | : മാവേലിക്കര |
| താലൂക്ക് / വില്ലേജ് | : കുട്ടനാട് / വെളിയനാട് |
| ഇമെയിൽ വിലാസം | : malayalamschoolkumaramkary@gmail.com |
| ഫേസ്ബുക്ക് | : Glps Kumarankary |
| യൂട്യൂബ് വിലാസം | : GLPS Kumarankary |
| സ്കൂൾ വിക്കി | : glps kumarankary |

# നാൾവഴികളിലൂടെ

ആലപ്പുഴ ജില്ലയിൽ, കുട്ടനാട് വിദ്യാഭ്യാസ ജില്ലയിലെ വെളിയനാട് ഉപജില്ലയിൽപെട്ട വിദ്യാലയമാണ് ഗവ. എൽ. പി. സ്കൂൾ കുമരങ്കരി. കുട്ടനാടിന്റെ തനതുഭംഗി ഒട്ടുംതന്നെ കുറയാതെ ഏറെ നയനസുന്ദരഗ്രാമമായ കുമരങ്കരി ഗ്രാമത്തിന്റെ ഒത്തനടുക്കായിത്തന്നെ നിലകൊള്ളുന്ന ഈ വിദ്യാലയം ഭൂമിശാസ്ത്രപരമായി മറ്റു ഭൂപ്രദേശത്തെ അപേക്ഷിച്ച് ഉയരത്തിലായി സ്ഥിതി ചെയ്യുന്നു. 1912 ലാണ് ഈ വിദ്യാലയം പ്രവർത്തനം ആരംഭിക്കുന്നത്. 384/4 സർവേ നമ്പർ പ്രകാരം 36 സെന്റിലാണ് വിദ്യാലയം നിർമ്മിക്കപ്പെട്ടിരിക്കുന്നത്.

സമീപപ്രദേശങ്ങളിലെ മറ്റു വിദ്യാലയങ്ങളെ പിന്നിലാക്കുന്ന ഭൗതിക സാഹചര്യങ്ങൾ ഉൾക്കൊണ്ട് ഹൈടെക് ക്ലാസ്മുറികളുമായി ഈ വിദ്യാലയം മുന്നോട്ടുപോകുന്നു. 2012-ൽ പ്രീ-പ്രൈമറിവിഭാഗം ആരംഭിക്കാൻ കഴിഞ്ഞത് വിദ്യാലയത്തിന്റെ മികവിന് തെളിവായി കരുതുന്നു. തികച്ചും ശിശുസൗഹൃദവും ശിശുകേന്ദ്രീകൃതവുമായ പഠനരീതികളോടെ മുന്നോട്ടു പോകുന്നതിൽ ഇവിടുത്തെ അധ്യാപക രക്ഷകർതൃയോഗം വലിയ പങ്കുവഹിക്കുന്നതിൽ അതിയായ സന്തോഷം അറിയിച്ചുകൊള്ളുന്നു.

# പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികളും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ നേടി എന്ന് ഉറപ്പുവരുത്തുക.
- എല്ലാ കുട്ടികൾക്കും എഴുത്തും വായനയും അറിയാമെന്ന് ഉറപ്പിക്കുക.
- 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചിയും കഴിവും പ്രോത്സാഹിപ്പിക്കുക.
- വായന ശീലമാക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ആധുനികവിദ്യ/സാങ്കേതികവിദ്യാസാധ്യതകൾ ഫലപ്രദമാക്കുക.
- എല്ലാ മാസവും ക്ലാസ് P.T.A ചേരുകയും കുട്ടികളുടെ പഠനനേട്ടങ്ങളും കോട്ടങ്ങളും രക്ഷിതാവിനെബാധ്യപ്പെടുത്തുകയും ചെയ്യുക.
- പ്രീ-പ്രൈമറി ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള എല്ലാ കുട്ടികൾക്കും പഠനവിടവുകൾ നികത്തുന്നതിന് ആവശ്യമായ വർക്ക്ഷീറ്റുകൾ നൽകുക.
- ആശയപ്രകടനശേഷി വർദ്ധിപ്പിക്കാൻ സർഗ്ഗവേളകളിലും മറ്റ് അവസരങ്ങളിലും സാഹചര്യം സൃഷ്ടിക്കുക.
- 'ജൈവവൈവിധ്യകലവറ' യായി വിദ്യാലയത്തെ മാറ്റുക.
- ഹരിത പെരുമാറ്റചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ് ഇവ നടപ്പിലാക്കുക.
- പഠനം പൂർത്തിയാക്കി നാലാം ക്ലാസിൽ നിന്ന് പോകുന്ന ഓരോ കുട്ടിയും എഴുത്തും വായനയും പഠിച്ചുവെന്ന് ഉറപ്പാക്കുക.

# അക്കാദമികം

| നേട്ടങ്ങൾ | പരിമിതികൾ |
|---|---|
| • അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്നു.<br>• മികച്ച ലൈബ്രറി, കമ്പ്യൂട്ടർ പഠനസൗകര്യം.<br>• 'ഓരോ കുട്ടിയും ഒന്നാമനാണ്' പദ്ധതി നടപ്പിലാക്കുന്നു.<br>• സ്മാർട്ട് ക്ലാസ്റൂം<br>• കല, കായികം, പ്രവൃത്തിപരിചയം പ്രത്യേക പരിശീലങ്ങൾ.<br>• പഠനപിന്നോക്കർക്കും പ്രത്യേക പരിഗണന അർഹിക്കുന്നവർക്കും മുൻഗണനന.<br>• സർഗ്ഗാത്മക കഴിവുകളുടെ വികാസത്തിന് സർഗ്ഗവേള.<br>• 'ഇന്നത്തെ മിടുക്കൻ' വായന പരിപോഷണ പരിപാടി.<br>• 'ചിഹ്നത്തോണി' ചിഹ്നം ഉറപ്പിക്കാനുള്ള പദ്ധതി. | • മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി കൈവരിക്കാൻ ആയിട്ടില്ല.<br>• മികച്ച ലൈബ്രറി ഉണ്ടെങ്കിലും എല്ലാവരെയും അതിലേക്ക് ആകർഷിക്കാൻ കഴിയുന്നില്ല.<br>• സ്മാർട്ട് ക്ലാസ്റൂമിലേക്ക് നെറ്റ് കിട്ടാത്തത് വലിയ പോരായ്മയാണ്.<br>• പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ പഠനപിന്തുണസംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്.<br>• കുട്ടികളുടെ എണ്ണത്തിനനുസൃതമായ കമ്പ്യൂട്ടറുകളുടെ അപര്യാപ്തത.<br>• പൊതുവിജ്ഞാന മേഖല കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്.<br>• 20% കുട്ടികളെങ്കിലും ചിഹ്നമുറയ്ക്കാത്തവരാണ്. |

# ലക്ഷ്യങ്ങൾ വിഷയതലം

## ഭാഷാവികസനം

- എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായും ഒഴുക്കോടെയും വായിക്കാൻ പ്രാപ്തരാക്കുക.
- എല്ലാവരും പഠനനേട്ടങ്ങളും ആശയഗ്രഹണശേഷിയും നേടി എന്ന് ഉറപ്പുവരുത്തുക.
- കുട്ടികളിൽ സാഹിത്യഅഭിരുചി വളർത്തുക.
- സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
- ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
- ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാസാധ്യതകളെ പ്രയോജനപ്പെടുത്തുക.
- മികച്ച വായനാശീലം വളർത്തുക.
- സ്കൂൾ ലൈബ്രറിയിലെ പുസ്തകങ്ങൾ വായിച്ച് കുറിപ്പ് തയ്യാറാക്കുകയും വായനയും എഴുത്തും പരിപോഷിപ്പിക്കുകയും ചെയ്യുക.

# ഇംഗ്ലീഷ്

- ആശയവിനിമയം  ഇംഗ്ലീഷിൽനടത്തുന്നതിനായി എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
- ഇംഗ്ലീഷ് അസംബ്ലി നടത്തുക.
- സ്വതന്ത്രവായനയ്ക്ക് സജ്ജരാക്കുക.
- ക്ലാസ്സിൽ സാങ്കേതിക വിദ്യാഭ്യാസസാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക.
- സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
- ആശയാവതരണരീതിയിലൂടെ അടിസ്ഥാന ഭാഷാശേഷികൾ നേടാൻ സചിത്ര നോട്ട്ബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക.
- ക്ലാസ്തല വായനമൂല, സ്കൂൾലൈബ്രറി, ഇവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.
- ഹലോ ഇംഗ്ലീഷ്, MEW ബുക്ക് ഇവയുടെ പ്രാധാന്യം രക്ഷിതാക്കളെ ബോധ്യപ്പെടുത്തി ഇംഗ്ലീഷിന്റെ അനന്തസാധ്യതകളെ പ്രയോജനപ്പെടുത്തുക.

# പരിസരപഠനം

- ശാസ്ത്രപഠനത്തിന് താൽപ്പര്യം വളർത്തുക.
- ശാസ്ത്രബോധം, ശാസ്ത്രീയമനോഭാവം ഇവ വികസിപ്പിക്കുക.
- ശാസ്ത്ര ഉപകരണങ്ങൾ  കൈകാര്യം ചെയ്യാൻ അറിയുക.
- ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ പ്രയോജനപ്പെടുത്തുക.
- ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുക.
- ലഘുപരീക്ഷണങ്ങൾ ചെയ്യുകവഴി ശാസ്ത്ര അഭിരുചി വർദ്ധിപ്പിക്കുക.

# സാമൂഹികാവബോധം

- രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസുകൾ നടത്തുക.
- സമൂഹത്തിൽ കുട്ടികൾ തങ്ങൾക്കുള്ള ഉത്തരവാദിത്വം തിരിച്ചറിയുക.
- ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
- ദിനാചരണങ്ങൾ ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കുക.

# ഗണിതം

- അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
- ഗണിതം ജീവതഗന്ധി ആക്കുക.
- ഓരോ ക്ലാസ്സിലും നേടേണ്ട ഗണിതശേഷികൾ നേടിയെന്ന് ഉറപ്പുവരുത്തുക.
- ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ വികസിപ്പിക്കുന്നതിനായി ഗണിതവിജയം, ഗണിതം-മധുരം, ഉല്ലാസഗണിതം, മനഗണിതം ഇവ ചെയ്യുക.

# I. C. T. സാധ്യതകൾ പ്രയോജനപ്പെടുത്തൽ

- വിവരസാങ്കേതികവിദ്യ ഫലപ്രദമാക്കുക.
- അറിവ്നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തുക.
- കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുക.

# പ്രവൃത്തിപരിചയം

- എല്ലാവരിലും നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക.
- പാഴ്വസ്തുക്കളിൽനിന്ന് പഠനോപകരണങ്ങളോ മറ്റെന്തെങ്കിലുമോ ഉണ്ടാക്കുന്നതിനുള്ള കഴിവ് നേടുക.
- ഇതരവിഷയവുമായി പ്രവൃത്തിപരിചയത്തെ ബന്ധിപ്പിക്കുക.

## കലാപരിശീലനം

- കുട്ടികളിലെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
- കലാഭിരുചി വളർത്തുക, കലാപഠനം സാധ്യമാക്കുക.
- 'ഓരോ കുട്ടിയും ഒന്നാമൻ' ആണെന്ന് ഉറപ്പിക്കുക.

## ആരോഗ്യ കായിക പരിശീലന വിദ്യാഭ്യാസം

- 'മനസ്സിന് ശക്തി' ബോധ്യപ്പെടുത്തി ലക്ഷ്യം നേടുക.
- എല്ലാവർക്കും കായികക്ഷമത ഉറപ്പാക്കുക.
- ആരോഗ്യശീലങ്ങൾ വളർത്തുക.
- ക്യാമ്പസിനെ മാലിന്യമുക്തവും ഹരിതാഭവുമാക്കുക.
- ആരോഗ്യ കായിക പരിശീലനത്തിന് അവസരം സൃഷ്ടിക്കുക.

# മലയാളം

**പ്രവർത്തനം** : 1
**പേര്** : പുസ്തകം എന്റെ ചങ്ങാതി
**ഉപമേഖല** : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | ലൈബ്രറിക്കു മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനായി പുസ്തകങ്ങൾ പ്രദർശിപ്പിക്കുക. ലഘു വിവരണങ്ങളും പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | Linitumol Placid |

**പ്രവർത്തനം** : 2
**പേര്** : പുസ്തകം എന്റെ ചങ്ങാതി
**ഉപമേഖല** : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| മികച്ച വായനാശീലം വളർത്തുക. | എല്ലാ ക്ലാസിലും ക്ലാസ്ലൈബ്രറി ലഭ്യമാക്കുന്നു. 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ-മാർച്ച് | ക്ലാസ്സ് ടീച്ചർ |

**പ്രവർത്തനം** : 3
**പേര്** : അസംബ്ലിയിൽ വായന
**ഉപമേഖല** : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അർത്ഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുക. | ഒരു ദിവസം ഒരു കുട്ടിക്ക് അസംബ്ലിയിൽ വായനക്ക് അവസരം നൽകുന്നു. (ചെറുകഥ ജീവചരിത്രം). | ജൂൺ-മാർച്ച് | ക്ലാസ്സ് ടീച്ചർ |

**പ്രവർത്തനം** : 4
**പേര്** : അക്ഷരക്കൂട്ടം
**ഉപമേഖല** : വായന

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
|---|---|---|---|
| മികച്ച വായനാശീലം വളർത്തുക. | ഒഴിവു സമയങ്ങളിൽ വായിക്കുവാൻ എല്ലാ ക്ലാസുകളിലും ക്ലാസ് ലൈബ്രറികളും വായനമൂലകളും തയ്യാറാക്കുക. | ജൂൺ-മാർച്ച് | സ്കൂൾ ലൈബ്രറി കമ്മിറ്റി |

**പ്രവർത്തനം** : 5
**പേര്** : സ്കൂൾ ലൈബ്രറി
**ഉപമേഖല** : വായന

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
|---|---|---|---|
| മികച്ച വായനാശീലം വളർത്തുക. | സ്കൂൾ ലൈബ്രറി വിപുലീകരിച്ച് ലൈബ്രറി സജ്ജമാക്ക ൽ. സ്കൂൾ ലൈബ്രേറിയനെ നിയമിക്കൽ. | ജൂൺ-മാർച്ച് | ഹെഡ്മിസ്ട്രസ് |

**പ്രവർത്തനം** : 6
**പേര്** : ക്ലാസിലെ കൈയെഴുത്ത് മാഗസിൻ
**ഉപമേഖല** : ലേഖനം.

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
|---|---|---|---|
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | പഠന പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്സ്തല കൈയെഴുത്ത് മാഗസിൻ തയ്യാറാക്കുക. | ഓരോ ടേമിലും ഒരെണ്ണം വീതം | ക്ലാസ്സ് ടീച്ചർ |

| പ്രവർത്തനം : 7<br>പേര് : എന്റെ വായന കുറിപ്പുകൾ<br>ഉപമേഖല : ലേഖനം. | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. | വായിച്ച പുസ്തകങ്ങളെ കുറിച്ച് വായനക്കുറിപ്പ് തയ്യാറാക്കൽ. (ആഴ്ചയിൽ ഒന്ന്) ചെറിയ ക്ലാസുകളിൽ വായനാകാർഡ്. | ജൂൺ-മാർച്ച് | ക്ലാസ്സ് ടീച്ചർ |

| പ്രവർത്തനം : 8<br>പേര് : രചനോത്സവം.<br>ഉപമേഖല : ലേഖനം. | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | വ്യവഹാരരൂപങ്ങളുടെ മാതൃക നോക്കി വ്യവഹാര രൂപം മാറ്റിയെഴുത്ത്. | ആഗസ്റ്റ് -മാർച്ച് | ക്ലാസ്സ് ടീച്ചർ |

| പ്രവർത്തനം : 9<br>പേര് : സർഗ്ഗവേള<br>ഉപമേഖല : പ്രകടന വേദികൾ | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
| കുട്ടികൾക്ക് സ്വന്തം കഴിവ് പ്രദർശിപ്പിക്കുന്നതിനുള്ള വേദികൾ ഒരുക്കൽ. | സർഗ്ഗവേളയിൽ എല്ലാ വെള്ളിയാഴ്ച്ചയും കുട്ടികളുടെ കഴിവ് പ്രകടിപ്പിക്കുന്നതിന് അവസരം നൽകുന്നു. (കഥപറച്ചിൽ, പാട്ട്, കവിത, നൃത്തം തുടങ്ങിയവ). | ജൂൺ-മാർച്ച് | ക്ലാസ്സ് ടീച്ചർ |

**പ്രവർത്തനം** : 10
**പേര്** : കൈത്താങ്ങ് നൽകാം
**ഉപമേഖല** : ആശയഗ്രഹണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികൾക്കും എഴുതാനും വായിക്കാനും ആശയം പ്രകടിപ്പിക്കാനും ശേഷി കൈവരിക്കൽ. | പഠനപിന്നോക്ക അവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം. | ജൂൺ-ഡിസംബർ | Linumol Antoney |

# ENGLISH

**Activity** : 1
**Name** : English Assembly
**Sub-Region :** Performance Venue

| Aim | Activities | Time | Responsibility |
| --- | --- | --- | --- |
| Giving opportunities for expression. | Once a week the children themselves present the entire programme of the assembly in English. | June - March | Class Teacher |

**Activity** : 2
**Name** : English Diary (Class 3 & 4)
**Sub-Region :** Writing (Creative)

| Aim | Activities | Time | Responsibility |
| --- | --- | --- | --- |
| Develop creative writing in English. | Write down daily experience at home and school in English. | Once in a week September - March | Class Teacher |

**Activity** : 3
**Name** : English Bulletin
**Sub-Region :** Writing

| Aim | Activities | Time | Responsibility |
|---|---|---|---|
| Provide opportunities for expression in English | Prepare bulletin in English on any topic (Every month).<br><br>June - Environmental Day<br>July - Moon Day<br>August - Independence Day<br>September - Onam<br>October - Gandhi Jayanthi<br>November - Kerala Piravi<br>December - Christmas<br>January - New Year<br>February - Mother Tongue<br>March - Forest Day | June-March | Class Teacher |

**Activity** : 4
**Name** : Reading Card Workshop
**Sub-Region :** Reading

| Aim | Activities | Time | Responsibility |
|---|---|---|---|
| Develop reading | Making reading cards with the help of parents. | June | SRG |

**Activity** : 5
**Name** : Worksheet and Workshop
**Sub-Region** : Reading

| Aim | Activities | Time | Responsibility |
|---|---|---|---|
| Improve language skills of the entire students. | Prepare worksheet for differentially abled children.<br>Teachers workshop. | September | SRG |

**Activity** : 6

**Name** : Improve Language

**Sub-Region** : Reading, Writing, Speaking

| Aim | Activities | Time | Responsibility |
|---|---|---|---|
| To express thoughts, feelings etc. | Unique work- 'Enrich your English Vocabulary' | July - March | Class Teacher |
| To develop the creative speaking and writing. | Newspaper reading, Library books reading, Book review & description writing, Announcement scripts, Quiz, Riddles, Magazine making, Skits etc.... | December - March | Class Teacher |

# ഗണിതം

| പ്രവർത്തനം : 1<br>പേര് : ഗണിത ക്ലാസ് പി.ടി.എ.<br>ഉപമേഖല : ക്ലാസ് പി.ടി.എ. ശാക്തീകരണം | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
| ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷി നേടി എന്നുറപ്പാക്കൽ. | ഓരോ ക്ലാസിലും ഗണിത പാഠങ്ങളിലെ ഹോംവർക്ക് പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ലിസ്റ്റ് ചെയ്ത് നൽകുന്നു. പിന്തുണ സംവിധാനം രക്ഷിതാക്കൾ ഒരുക്കുന്നു. | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ |

| പ്രവർത്തനം : 2<br>പേര് : ഗണിതം മധുരം<br>ഉപമേഖല : ഗണിതകേളി | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികളും ഉറപ്പാക്കൽ. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠന പദ്ധതി ആസൂത്രണം ചെയ്യൽ. ശില്പശാലകൾ. | ജൂൺ-ആഗസ്റ്റ് | ക്ലാസ്സ് ടീച്ചർ |

| പ്രവർത്തനം : 3<br>പേര് : ഗണിത വർക്ക്ഷീറ്റ് ശില്പശാല<br>ഉപമേഖല : ക്ലാസ് പി.ടി.എ. ശാക്തീകരണം | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠനനേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും അർഹരാക്കുക. | എല്ലാ ക്ലാസ് യൂണിറ്റിലേക്കും പഠനനേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ. | ഓരോ ടേമിന്റെയും തുടക്കത്തിൽ | SSG |

| പ്രവർത്തനം : 4<br>പേര് : ഗണിത ലാബ് (ഗണിതം മധുരം)<br>ഉപമേഖല : ഗണിതകേളികൾ | | | |
| --- | --- | --- | --- |
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
| അടിസ്ഥാന ഗണിത ആശയങ്ങൾ മുഴുവൻ എത്തിക്കുക | കുട്ടികൾക്ക് സ്വതന്ത്രരായി ഇടപഴകാൻ സഹായകരമായ തരത്തിൽ ലാബ് സജ്ജമാക്കൽ | 2025 - 2026 | SMC |

| പ്രവർത്തനം : 5<br>പേര് : ഗണിതമൂല<br>ഉപമേഖല : ഗണിതകേളികൾ | | | |
| --- | --- | --- | --- |
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
| അടിസ്ഥാന ഗണിത ആശയങ്ങൾ മുഴുവൻ കുട്ടികളും ആർജിക്കുന്നതിന്. | മുഴുവൻ ക്ലാസിലും ഗണിത മൂലകൾ ക്രമീകരിക്കൽ (മഞ്ചാടി, കളിനോട്ട്, കാർഡുകൾ) | ജൂൺ | ക്ലാസ് ടീച്ചർ |

# പരിസര പഠനം

**പ്രവർത്തനം :** 1
**പേര്** : ശാസ്ത്ര പഠനോപകരണ ശില്പശാല
**ഉപമേഖല** : ലാബ് ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്രീയ പ്രക്രിയ ശേഷികൾ വികസിപ്പിക്കുക | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്ക് ഇണങ്ങുംവിധം ശില്പശാലകൾ, വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കൽ | ഓരോ ടേമിലും | ക്ലാസ് ടീച്ചർ |

**പ്രവർത്തനം :** 2
**പേര്** : 'എൻറെ പരീക്ഷണം' കുറിപ്പ് തയ്യാറാക്കൽ (4-ാംക്ലാസ്)
**ഉപമേഖല** : ശാസ്ത്ര അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്ര പഠന താല്പര്യം വളർത്തുക. ശാസ്ത്രാബോധം ശാസ്ത്രീയ മനോഭാവം എന്നിവ വളർത്തുക. | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണകുറിപ്പ് തയ്യാറാക്കൽ. | എല്ലാ മാസവും | ക്ലാസ് ടീച്ചർ |

| പ്രവർത്തനം : 3<br>പേര് : പരീക്ഷണ കിറ്റ്<br>ഉപമേഖല : നിരീക്ഷണ പ്രവർത്തനങ്ങൾ | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
| ശാസ്ത്രീയ പ്രക്രിയശേഷികളുടെ വളർച്ചക്കിണങ്ങും വിധം പ്രവർത്തനങ്ങൾ ഒരുക്കുക. | മുഴുവൻ കുട്ടികൾക്കും (3, 4 ക്ലാസ്) ശാസ്ത്ര പരീക്ഷണങ്ങൾക്കിണങ്ങും വിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണ കിറ്റ് തയ്യാറാക്കുക. | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ |

| പ്രവർത്തനം : 4<br>പേര് : യൂണിറ്റ് വിലയിരുത്തൽ<br>ഉപമേഖല : യൂണിറ്റ് ടെസ്റ്റ് | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൽ. | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണയം നടത്തി പരിഹാര ബോധനം ഉറപ്പുവരുത്തുക. | ജൂൺ-മാർച്ച്. | ക്ലാസ് ടീച്ചർ |

# സാമൂഹിക അവബോധം

**പ്രവർത്തനം** : 1
**പേര്** : അതിഥിയെ അറിയൽ
**ഉപമേഖല** : സാമൂഹിക അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ചർച്ചകൾ, സംവാദങ്ങൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ സാമൂഹികമായ അറിവുകൾ നേരിടുന്നതിന്. | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖത്തിന് അവസരം ഒരുക്കൽ. ചർച്ചകൾ, സംവാദങ്ങൾ, ക്ലാസ്തലത്തിൽ സംഘടിപ്പിക്കൽ. | ഓരോ മാസത്തിലും | ക്ലാസ് ടീച്ചർ |

**പ്രവർത്തനം** : 2
**പേര്** : പ്രാദേശിക അറിവ്
**ഉപമേഖല** : നാട്ടറിവ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| നമ്മുടെ നാടിൻറെ ചരിത്രം മനസ്സിലാക്കുന്നതിന് സാംസ്കാരികമായ അതിന്റെ തനിമ നിലനിർത്തുന്നതിന്. | നാടിൻറെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങളും ശില്പശാലകളും നടത്തുക. | നവംബർ | SSG |

**പ്രവർത്തനം** : 3
**പേര്** : ഫീൽഡ് ട്രിപ്പ്
**ഉപമേഖല** : പൊതു സ്ഥാപനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് സഹായകമാകുന്ന സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന്. | അങ്കണവാടികൾ പോസ്റ്റോഫീസ് പഞ്ചായത്ത്, വില്ലേജ്, ആശുപത്രി, മുതലായവയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ. | ഓരോ മാസത്തിലും | ക്ലാസ് ടീച്ചർ |

# വിവരസാങ്കേതികവിദ്യ

| പ്രവർത്തനം : 1<br>പേര് : വിവരസാങ്കേതികവിദ്യയിൽ പരിശീലനം<br>ഉപമേഖല : അധ്യാപക ശാക്തികരണം | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
| വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക. | പാഠഭാഗവുമായി ബന്ധപ്പെട്ട I. C. T. സാധ്യതകൾ ശേഖരിക്കൽ, പരിചയപ്പെടുത്തൽ, സമഗ്ര പ്രവർത്തനങ്ങളിൽ പങ്കാളികളാകൽ. | ഓരോ മാസത്തിലും | SITC |

| പ്രവർത്തനം : 2<br>പേര് : I T ലാബ്<br>ഉപമേഖല : കമ്പ്യൂട്ടർ വിജ്ഞാനം | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം. | IT/ICT പ്രവർത്തനങ്ങൾ പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ. | ജൂൺ-ആഗസ്റ്റ് | SITC |

# പ്രവൃത്തിപരിചയം

**പ്രവർത്തനം** : 1
**പേര്** : പ്രവൃത്തിപരിചയ ശില്പശാല
**ഉപമേഖല** : നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ/നിർമ്മാണം | സെപ്റ്റംബർ | ക്ലാസ് ടീച്ചർ |

**പ്രവർത്തനം** : 2
**പേര്** : പേപ്പർ ബാഗ് നിർമ്മാണം
**ഉപമേഖല** : പ്ലാസ്റ്റിക്‌രഹിത ക്യാമ്പസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | പേപ്പർബാഗ് നിർമ്മാണ പരിശീലനം വിദ്യാലയത്തിൽ ആരംഭിക്കുക. | ജൂൺ-മാർച്ച് | SSG |

**പ്രവർത്തനം** : 3
**പേര്** : ഒറിഗാമി
**ഉപമേഖല** : കരകൗശല പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇതര വിഷയവുമായും പഠനവുമായും പ്രവർത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക. | ഒറിഗാമിയിൽ അധ്യാപകർക്ക് പരിശീലനം നൽകാൻ പാഠഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പരിശീലനം ലഭ്യമാക്കൽ | ജൂലൈ | SSG |